കണ്ണൂർ ജില്ലയിലെ എൽ. പി./യു. പി. അസിസ്റ്റന്റ് ഒഴിവുകൾ

102 [654] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എൽ. പി./യു. പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്; നിലവിൽ പി. എസ്. സി.-യോട് എത്ര പേരുടെ ലിസ്റ്റാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ പ്രൈമറി വിഭാഗത്തിൽ ജോലി ചെയ്തു വരുന്നുണ്ട്; ആയത് ഒഴിവായി കണക്കാക്കി പി. എസ്. സി.-യോട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എൽ. പി./യു. പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഹൈക്കോടതിയിലുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 105 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 5 ഒഴിവുകൾ നിലവിലുണ്ട്. ഇവ അവധി കഴിഞ്ഞുവരുന്ന അദ്ധ്യാപകരെ നിയമിക്കേണ്ടവയാണ്. പി. എസ്. സി.-യോട് ലിസ്റ്റ് ഒന്നും ആവശ്യപ്പെട്ടിട്ടില്ല.

(ബി) 60 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഇപ്പോൾ പ്രൈമറി വിഭാഗത്തിൽ റഗുലർ ഒഴിവുകളിൽ ജോലി ചെയ്യുന്നുണ്ട്. ഇവർ പി. എസ്. സി. ലിസ്റ്റ് വരും മുൻപേ പുനർ വിന്യസിക്കപ്പെട്ടവരാണ്. അവ ഒഴിവായി കണക്കാക്കാനാവില്ല.

(സി) രണ്ടു കേസുകൾ.

നിർദ്ദിഷ്ട യോഗ്യതയില്ലാത്ത പ്രൈമറി അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

103 [655] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. സി. ജോസ്, പി. ഡി. ടീച്ചർ, ഗവ. വെൽഫയർ ലോവർ പ്രൈമറി സ്കൂൾ, വേങ്ങപ്പള്ളി, വൈത്തിരി ഉപജില്ല, വയനാട് ജില്ല എന്നയാൾ എന്നാണ് സർവ്വീസിൽ പ്രവേശിച്ചത്;

(ബി) അക്കാലത്ത് നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരെ സർവ്വീസിൽ പ്രവേശിപ്പിക്കുമായിരുന്നോ; എങ്കിൽ അങ്ങനെയുള്ള എത്ര പേർ സർവ്വീസിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം അദ്ധ്യാപകർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദീകരിക്കാമോ;

(ഇ) വാർഷിക വർദ്ധന, പേ റിവിഷൻ ആനുകൂല്യങ്ങൾ ഇവ നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പേ റിവിഷൻ ആനുകൂല്യങ്ങൾ, വാർഷിക വർദ്ധന, ഗ്രേഡ് പ്രൊമോഷൻ എന്നിവ ലഭിക്കുന്നതിനായി ശ്രീ. കെ. സി. ജോസ് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും, ആയതിനെ സംബന്ധിച്ചുള്ള ഫയലുകൾ എവിടെയെല്ലാം, ഏതെല്ലാം നമ്പരുകളിൽ നിലവിലുണ്ടെന്നും വെളിപ്പെടുത്താമോ;

(ജി) ടിയാന്റെ ആവശ്യങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന് കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 8-5-1970-ൽ.

(ബി) പ്രവേശിപ്പിച്ചിരുന്നു. ശ്രീ. ജോസ് മാത്രമാണ് ഇപ്പോൾ സർവ്വീസിലുള്ളത്.

(സി) നൽകിയിരുന്നു.

(ഡി) ബാധകമല്ല.

(ഇ) നൽകാറുണ്ട്. 16-9-1985-ലെ ഉത്തരവ് അനുസരിച്ച് ജോസിന് നൽകിയ ഹയർഗ്രേഡിന് അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്.

(എഫ്) അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷ 25-10-2003-ന് വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ ലഭിച്ചു. ഇതിൻമേൽ വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് 13-1-2004-ൽ സർവ്വീസ് ബുക്ക് ഉൾപ്പെടെ വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാടിന് ലഭിച്ചിരുന്നു. ഫയലിൽ മേൽ നടപടി എടുത്തു വരുന്നു. വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഫയൽ നമ്പർ ബി-208/96, വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഫയൽ നമ്പർ എ3/15998/03.

(ജി) ഉത്തരവായിട്ടില്ല.

അൺ ഇക്കണോമിക് സ്കൂളുകൾ നിർത്തലാക്കാനുള്ള നടപടി

104 [656] ശ്രീ. കോവൂർ കുഞ്ഞുമോൻ:

" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly